"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - കോഴിക്കോട് ജില്ലയിലെ കായക്കോടി വില്ലേജ് ഓഫീസിലെ കാഷ്വൽ സ്വീപ്പർ, ശ്രീ. പി. സി. ബാബു ഫയൽ ചെയ്ത OA(EKM) 509/2024 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 23.05.2024 ലെ ഇടക്കാല ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (റ്റി) വകുപ്പ്**

സ.ഉ.(കൈ) നം.117/2025/RD തിരുവനന്തപുരം, 02-05-2025

---

പരാമർശം:-

1. 25.11.2005 ലെ സ.ഉ.(പി) നം. 501/2005/ധന ഉത്തരവ്.
2. 09.02.2010 ലെ സ.ഉ.(പി) നം. 61/2010/ധന ഉത്തരവ്.
3. ശ്രീ. പി. സി. ബാബു സമർപ്പിച്ച 29.11.2021 ലെ നിവേദനം.
4. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 23.05.2024 ലെ OA(EKM) 509/2024 നമ്പർ കേസിലെ ഇടക്കാല ഉത്തരവ്.
5. ലാൻഡ് റവന്യൂ കമ്മീഷണറുടെ 03.09.2024 ലെ LR/7291/2021-LR(N3) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ശ്രീ. പി. സി. ബാബു 1993 മുതൽ കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിലെ കായക്കോടി വില്ലേജ് ഓഫീസിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തുവരുന്നു. പ്രസ്തുത ഓഫീസിന്റെ വിസ്തീർണ്ണം 100 ച.മീ. ൽ കുറവായിരുന്നതിനാൽ പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം ടിയാനെ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ക്രമവത്കരിച്ചിരുന്നില്ല. പ്രസ്തുത വില്ലേജ് ഓഫീസ് സ്മാർട്ട് വില്ലേജ് ഓഫീസാക്കി 20.11.2021 ൽ പ്രവർത്തനം ആരംഭിക്കുകയും പ്രസ്തുത ഓഫീസിന്റെ സ്വീപ്പിങ് ഏര്യ 153.03 ച.മീ. ആണെന്ന് കുറ്റ്യാടി പൊതുമരാമത്ത് കെട്ടിട വിഭാഗം അസിസ്റ്റന്റ് എൻജിനീയർ സാക്ഷ്യപ്പെടുത്തുകയുമുണ്ടായി. തുടർന്ന് പരാമർശം (1) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത ഓഫീസിൽ സ്വീപ്പിങ് ഏര്യ അധികരിച്ച 20.11.2021 തീയതി പ്രാബല്യത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടിയാളെ സ്ഥിരപ്പെടുത്തുന്നതിലേയ്ക്കായി പരാമർശം (5) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാർ മുമ്പാകെ ഒരു പ്രൊപ്പോസൽ സമർപ്പിച്ചു.

2) ഇതിനിടെ ഇതേ ആവശ്യം ഉന്നയിച്ച് ശ്രീ. പി.സി. ബാബു ഫയൽ ചെയ്ത OA(EKM) 509/2024 നമ്പർ കേസ് 23.05.2024 ൽ പരിഗണിച്ച ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, അപേക്ഷകന്റെ സ്ഥിരപ്പെടുത്തലുമായി ബന്ധപ്പെട്ട് 21.10.2023 ന് സർക്കാർ മുമ്പാകെ സമർപ്പിച്ച പ്രൊപ്പോസലിന്മേൽ, വിധിപ്പകർപ്പ് ലഭ്യമായ തീയതി മുതൽ ഒരു മാസത്തിനകം തീരുമാനമെടുക്കുവാൻ പരാമർശം (4) പ്രകാരം സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ കായക്കോടി വില്ലേജ് ഓഫീസിലെ കാഷ്വൽ സ്വീപ്പർ, ശ്രീ. പി. സി. ബാബുവിനെ പ്രസ്തുത ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടി ഓഫീസിന്റെ സ്വീപ്പിങ് ഏര്യ 100 ച. മീ. അധികരിച്ച 20.11.2021 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തിയും, തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് അനുമതി നല്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (4) ഉത്തരവിലെ നിർദ്ദേശം ഇപ്രകാരം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

1. അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
2. കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.
3. ജില്ലാ കളക്ടർ, കോഴിക്കോട്
4. ശ്രീ. പി.സി. ബാബു, കാഷ്വൽ സ്വീപ്പർ, കായക്കോടി വില്ലേജ് ഓഫീസ്, കോഴിക്കോട് (ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന)
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്), കേരള, തിരുവനന്തപുരം.
6. ധനകാര്യ വകുപ്പ് (20/01/2025 ലെ 2917996/EXP-C2/62/2024-FIN നമ്പർ റിമാർക്സ് പ്രകാരം)
7. നിയമ വകുപ്പ് (14/02/2025 ലെ ST-I(2)/34/2025/LAW നമ്പർ റിമാർക്സ് പ്രകാരം)
8. പൊതുഭരണ (എസ്.സി) വകുപ്പ് (30.04.2025 ലെ ഇനം നമ്പർ .........പ്രകാരം)
9. വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)
10. കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (REV-T1/107/2024-REV )

ഉത്തരവിൻ പ്രകാരം

Signed by
Sindhu Beegum M.S
സെക്ഷൻ ഓഫീസർ
Date: 03-05-2025 13:07:11

പകർപ്പ്:

ബഹു. മുഖ്യമന്ത്രിയുടെ പി.എസ്. ന്.

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ്. ന്

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 30-04-2025

ഫയൽ നം. റവ-റ്റി1/107/2024/റവ. ഇനം നം: 2908

വിഷയം : റവന്യൂ വകുപ്പ് - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A.(EKM).509/2024 നമ്പർ കേസിലെ 23.05.2024-ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ കായക്കോടി വില്ലേജ് ഓഫീസിലെ കാഷ്വൽ സ്വീപ്പർ, ശ്രീ. പി. സി. ബാബുവിനെ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് മുൻകാല പ്രാബല്യത്തോടെ, സ്വീപ്പിംഗ് ഏര്യ അധികരിച്ച 20.11.2021 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

Saradal

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്.

02-5-25

2908

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | റവ-റ്റി1/107/2024-റവ. |
| 2. | വകുപ്പ് | റവന്യൂ (റ്റി) വകുപ്പ് |
| 3. | വിഷയം | ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) 509/2024 നമ്പർ കേസിലെ 23.05.2024 ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ കായക്കോടി വില്ലേജ് ഓഫീസിലെ കാഷ്വൽ സ്വീപ്പർ, ശ്രീ. പി. സി. ബാബുവിനെ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് മുൻകാല പ്രാബല്യത്തോടെ, സ്വീപ്പിങ് ഏര്യ അധികരിച്ച 20.11.2021 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 26.02.2025 |
| 5. | (i) ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | അതെ |
| | (ii) സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്., നിയമ വകുപ്പ് |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീ. റോയിച്ചൻ തോമസ് |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീമതി ടിങ്കു ബിസ്വാൾ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 05.03.2025 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി ശാരദ മുരളീധരൻ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 25.04.2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 26.04.2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 29.04.2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) 509/2024 നമ്പർ കേസിലെ 23.05.2024 ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ കായക്കോടി വില്ലേജ് ഓഫീസിലെ കാഷ്വൽ സ്വീപ്പർ, ശ്രീ. പി. സി. ബാബുവിനെ ടി ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് മുൻകാല പ്രാബല്യം നല്കി സ്വീപ്പിങ് ഏര്യ അധികരിച്ച 20.11.2021 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. ശ്രീ. പി. സി. ബാബു 1993 മുതൽ കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിലെ കായക്കോടി വില്ലേജ് ഓഫീസിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തു വരുന്നു. പ്രസ്തുത ഓഫീസിന്റെ വിസ്തീർണ്ണം 100 ച.മീ. ൽ കുറവായിരുന്നതിനാൽ ടിയാനെ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ക്രമവത്കരിച്ചിരുന്നില്ല. പ്രസ്തുത വില്ലേജ് ഓഫീസ് സ്മാർട്ട് വില്ലേജ് ഓഫീസാക്കി 20.11.2021 ൽ പ്രവർത്തനം ആരംഭിക്കുകയും പ്രസ്തുത ഓഫീസിന്റെ സ്വീപ്പിങ് ഏര്യ 153.03 ച.മീ. ആണെന്ന് കുറ്റ്യാടി പൊതുമരാമത്ത് കെട്ടിട വിഭാഗം അസിസ്റ്റന്റ് എൻജിനീയർ സാക്ഷ്യപ്പെടുത്തുകയുമുണ്ടായി. തുടർന്ന് 25.11.2005 ലെ G.O(P)No.501/2005/ധന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത ഓഫീസിൽ സ്വീപ്പിങ് ഏര്യ അധികരിച്ച 20.11.2021 തീയതി പ്രാബല്യത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടിയാളെ സ്ഥിരപ്പെടുത്തുന്നതിലേയ്ക്കായി ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാർ മുമ്പാകെ ഒരു പ്രൊപ്പോസൽ സമർപ്പിച്ചു. ഇതിനിടെ ഇതേ ആവശ്യം ഉന്നയിച്ച് ശ്രീ. പി.സി. ബാബു ഫയൽ ചെയ്ത OA(EKM) 509/2024 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 23.05.2024 ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ, അപേക്ഷകന്റെ സ്ഥിരപ്പെടുത്തലുമായി ബന്ധപ്പെട്ട് 21.10.2023 ന് സർക്കാർ മുമ്പാകെ സമർപ്പിച്ച പ്രൊപ്പോസലിന്മേൽ വിധിപ്പകർപ്പ് ലഭ്യമായ തീയതി മുതൽ ഒരു മാസത്തിനകം തീരുമാനമെടുക്കുവാൻ സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ മേൽ പറഞ്ഞ പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിൽ ലഭ്യമാക്കിയിരുന്നത് 03.09.2024 ലെ കത്ത് മുഖേനയാണ്.

3. ഈ വിഷയത്തിൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടിരുന്നു.

> OA(EKM) 509/2024 നമ്പർ കേസിലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 23.05.2024 തീയതിയിലെ വിധിയുടെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ കായക്കോടി വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് നിലവിലെ കാഷ്വൽ സ്വീപ്പർ ശ്രീ പി.സി. ബാബു -നെ ഉത്തരവ് പുറപ്പെടുവിക്കുന്ന തിയ്യതി മുതൽ പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകുന്നു.

4. എന്നാൽ സമാന കേസുകളിൽ, സ്വീപ്പിങ് ഏര്യ 100 ച. മീ. അധികരിച്ച തീയതി പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ കാഷ്വൽ സ്വീപ്പർമാരെ ക്രമവത്കരിക്കുന്നതിന് ബഹു. ഹൈക്കോടതി നിരവധി വിധിന്യായങ്ങളിൽ നിർദ്ദേശം നല്കിയിട്ടുള്ളതിനാലും ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ വെളിച്ചത്തിലും, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 23.05.2024 ലെ ഇടക്കാല ഉത്തരവ് നടപ്പിലാക്കുന്നതിന്മേൽ നിയമ വകുപ്പിന്റെ അഭിപ്രായം ആരായുകയും പ്രസ്തുത വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു.

> ഭരണവകുപ്പിന്റെ ഫയൽ പരിശോധിച്ചതിൽ, ശ്രീ. പി.സി.ബാബു, 1993 മുതൽ കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിലെ കായക്കോടി വില്ലേജ് ഓഫീസിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തു വരുന്നുവെന്നും എന്നാൽ ഹാജർ രേഖകൾ ലഭ്യമല്ലെന്നും പ്രസ്തുത വില്ലേജ് ഓഫീസ് 20.11.2021 ലാണ് സ്മാർട്ട് വില്ലേജ് ഓഫീസായി ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചതെന്നും ആയതിനെ തുടർന്ന് 153.03 ച.മീ സ്വീപ്പിങ് ഏര്യയുള്ളതായും ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി കാണുന്നു. 20.11.2021 തീയതി പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ടാണ് അപേക്ഷകൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA(EKM) 509/2024 നമ്പരായി ഹർജി ഫയൽ ചെയ്തിട്ടുള്ളത്. അപേക്ഷകനെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ റെഗുലറൈസ് ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ 21.10.2023 തീയതിയിൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട് എന്നുള്ള ഗവൺമെന്റ് പ്ലീഡറുടെ സബ്മിഷന്റെ അടിസ്ഥാനത്തിലാണ് ബഹു.ട്രിബ്യൂണൽ, പ്രസ്തുത കേസിലെ 23.05.2024 തീയതിയിലെ ഇടക്കാല ഉത്തരവിൽ, അപേക്ഷകനെ റെഗുലറൈസ് ചെയ്യുന്നത്

സംബന്ധിച്ച് തീരുമാനമെടുക്കുവാൻ ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതെന്ന് കാണുന്നു. ലാൻഡ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ട് പ്രകാരം, ഈ കേസിൽ, സ്വീപ്പിംഗ് ഏരിയ 100 ച.മീറ്ററിൽ അധികരിച്ചിരിക്കുന്നത് 20.11.2021 തീയതിയിൽ ആണെന്ന് കാണുന്നു.

OP(KAT).26/2019, OP(KAT).118/2020, OP(KAT).179/2020, നമ്പർ കേസുകളിലെ യഥാക്രമം 18.01.2019, 07.01.2021, 22.01.2021 തീയതികളിലെ ബഹു.ഹൈക്കോടതിയുടെ വിധികളിൽ സ്വീപ്പിങ് ഏര്യ 100 ച. മീ. അധികരിച്ച തീയതി പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവത്കരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതായി കാണുന്നു. ഈ കേസിലെ അപേക്ഷകന്റെ ആവശ്യവും സ്വീപ്പിങ് ഏര്യ 100 ച. മീ. അധികരിച്ച 20.11.2021 തീയതി പ്രാബല്യത്തിൽ ടിയാനെ റെഗുലറൈസ് ചെയ്യണമെന്നാണ്. ആയതിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിൽ തീരുമാനമെടുക്കുന്നതിനാണ് ബഹു.ട്രിബ്യൂണൽ ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നതും. മേൽ സാഹചര്യത്തിൽ, ബഹു.ഹൈക്കോടതിയുടെ മേൽ വിധിന്യായങ്ങളുടെ അടിസ്ഥാനത്തിൽ ,സ്വീപ്പിംഗ് ഏരിയ 100 ച.മീറ്ററിൽ അധികരിച്ച തീയതി പ്രാബല്യത്തിൽ അപേക്ഷകനെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവത്ക്കരിക്കുന്നതാണ് ഉചിതമെന്ന വിവരം ഭരണവകുപ്പിനെ അറിയിക്കാവുന്നതാണ്.

5. സമാനമായ കേസുകളിൽ സ്വീപ്പിങ് ഏര്യ 100 ചതുരശ്ര മീറ്ററിൽ അധികരിച്ച തീയതി മുതൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച്, പ്രസ്തുത തീയതി മുതലുള്ള ആനുകൂല്യങ്ങൾ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തിയ വ്യക്തികൾക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. കായക്കോടി വില്ലേജ് ഓഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീ. പി. സി. ബാബുവും അത്തരത്തിലൊരു പരിഗണന അർഹിക്കുന്നു . ആയതിനാൽ നിയമ വകുപ്പിന്റെ അഭിപ്രായം കൂടി കണക്കിലെടുത്ത് കായക്കോടി വില്ലേജാഫീസിന്റെ സ്വീപ്പിങ് ഏര്യ 100 ചതുരശ്ര മീറ്ററിൽ അധികരിച്ച 20/11/2021 തീയതി പ്രാബല്യത്തിൽ ടി ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് നിലവിലുള്ള കാഷ്വൽ സ്വീപ്പറായ ശ്രീ. പി. സി. ബാബുവിനെ പ്രസ്തുത തസ്തികയിൽ സ്ഥിരപ്പെടുത്താവുന്നതാണ്.

6. ഈ വിഷയം ഉത്തരവിനായി സമർപ്പിച്ചപ്പോൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനമെടുക്കേണ്ട വിഷയം

കോഴിക്കോട് ജില്ലയിലെ കായക്കോടി വില്ലേജ് ഓഫീസിലെ കാഷ്വൽ സ്വീപ്പർ, ശ്രീ. പി. സി. ബാബുവിനെ ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തിയാൽ മതിയാകുമെന്ന ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന്, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) 509/2024 നമ്പർ കേസിലെ 23.05.2024 ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടിയാനെ മുൻകാല പ്രാബല്യത്തോടെ ടി ഓഫീസിന്റെ സ്വീപ്പിങ് ഏര്യ 100 ച. മീ. അധികരിച്ച 20.11.2021 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കാമോ?

# Government of Kerala
# (Sri.Pinarayi Vijayan Ministry)
# NOTE FOR THE COUNCIL OF MINISTERS

| | | |
|---|---|---|
| 1 | File No. | RD-T1/107/2024-RD |
| 2 | Department | Revenue (T) Department |
| 3 | Subject | Regularisation of the services of Sri.P.C.Babu, Casual Sweeper, Kayakkodi Village Office in Kozhikode District, with retrospective effect from 20.11.2021, the date on which the sweeping area exceeded 100 sq.m. and granting consequential benefits in accordance with the Interim Order of the Hon'ble Administrative Tribunal dated 23.05.2024 in OA(EKM) 509/2024-reg. |
| 4 | Date of Chief Minister's order for placing before the Council | 26.02.2025 |
| 5 | i) Does the case involve financial commitments/implications<br>ii) If the answer to the above is in the affirmative, whether the Finance Department has been consulted and their remarks incorporated in the Council Note | Yes<br>Yes |
| 6 | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council | Yes., Law Department |
| 7 | Name of Deputy Secretary who submitted the Draft Note | Sri. Roychen Thomas |
| 8 | Name of Principal Secretary who approved the Draft Note | Smt. Tinku Biswal |
| 9 | Date of approval of the Draft Note for the Council by the Principal Secretary | 05.03.2025 |
| 10 | Name of Chief Secretary who approved the Draft Note | Smt.Sarada Muraleedharan |
| 11 | Date of approval of the Draft Note for the Council by the Chief Secretary | 25.04.2025 |
| 12 | Name of Minister who approved the Draft Note | Shri.K.Rajan |
| 13 | Date of approval of the Draft Note for the Council by the Minister | 26.04.2025 |
| 14 | Date of submission of fair copies | 29.04.2025 |
| 15 | Date of decision by the council of Ministers | |
| 16 | Number and date of the G.O. / letter communicating the decision. | |

# NOTE FOR THE COUNCIL OF MINISTERS

This note relates to the regularisation of the services of Sri.P.C.Babu, Casual Sweeper at Kayakkodi Village Office in Kozhikode District retrospectively, with effect from 20.11.2021, the date on which the sweeping area exceeded 100 sq.m. by creating a post of Part time sweeper and granting consequential benefits to him in accordance with the Interim Order of the Hon’ble Administrative Tribunal dated 23.05.2024 in OA(EKM) 509/2024.

2. Sri. P. C. Babu has been working as a Casual Sweeper at Kayakkodi Village Office in Vadakara Taluk of Kozhikode District since 1993. He has not been regularised by creating a post of Part Time Sweeper since the sweeping area of the said office is less than 100 sq.m. The said Village office was started functioning as a Smart Village Office on 20.11.2021 and the Assistant Engineer, PWD Building Section, Kuttiyadi has certified that the sweeping area of the said office is 153.03 sq.m. Subsequently, the Land Revenue Commissioner has submitted a proposal before the Government for regularizing the service of the applicant with effect from 20.11.2021, the date on which sweeping area exceeded 100 sq.m. by creating a post of Part Time Sweeper in the said office in accordance with G.O.(P).No.501/2005/FIN dated 25.11.2005. In the meantime, the Hon'ble Kerala Administrative Tribunal, vide its interim order dated 23.05.2024 in OA(EKM) 509/2024 filed by Sri. P.C. Babu, with the same prayer, directed the Government to take a decision on the proposal submitted before the Government on 21.10.2023 for the regularisation of the applicant, within one month from the date of receipt of the copy of the order. However, the above proposal was made available to the Government by the Commissioner of Land Revenue vide letter dated 03.09.2024.

3. In the matter, Finance Department has opined as follows.

> OA(EKM) 509/2024 നമ്പർ കേസിലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 23.05.2024 തീയതിയിലെ വിധിയുടെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ കായക്കോടി വില്ലേജ് ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് നിലവിലെ കാഷ്വൽ സ്വീപ്പർ ശ്രീ പി.സി.

ബാബു -നെ ഉത്തരവ് പുറപ്പെടുവിക്കുന്ന തിയ്യതി മുതൽ പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകുന്നു.

4. However, in similar cases, the Hon'ble High Court has issued several judgments directing regularization of the Casual Sweeper against the post of Part-Time Sweeper with effect from the date on which the sweeping area exceeds 100 sq. m. and accordingly, in the light of the opinion of the Finance Department, the Law Department was consulted in the matter of complying with the directions of the interim order dated 23.05.2024 of the Hon'ble Kerala Administrative Tribunal and that Department opined as follows.

ഭരണവകുപ്പിന്റെ ഫയൽ പരിശോധിച്ചതിൽ, ശ്രീ. പി.സി.ബാബു , 1993 മുതൽ കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിലെ കായക്കോടി വില്ലേജ് ഓഫീസിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തു വരുന്നുവെന്നും എന്നാൽ ഹാജർ രേഖകൾ ലഭ്യമല്ലെന്നും പ്രസ്തുത വില്ലേജ് ഓഫീസ് 20.11.2021 ലാണ് സ്മാർട്ട് വില്ലേജ് ഓഫീസായി ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചതെന്നും ആയതിനെ തുടർന്ന് 153.03 ച.മീ സ്വീപ്പിങ് ഏര്യയുള്ളതായും ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി കാണുന്നു. 20.11.2021 തീയതി പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ടാണ് അപേക്ഷകൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA(EKM) 509/2024 നമ്പരായി ഹർജി ഫയൽ ചെയ്തിട്ടുള്ളത്. അപേക്ഷകനെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ റെഗുലറൈസ് ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ 21.10.2023 തീയതിയിൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട് എന്നുള്ള ഗവൺമെന്റ് പ്ലീഡറുടെ സബ് മിഷന്റെ അടിസ്ഥാനത്തിലാണ് ബഹു.ട്രിബ്യൂണൽ, പ്രസ്തുത കേസിലെ 23.05.2024 തീയതിയിലെ ഇടക്കാല ഉത്തരവിൽ, അപേക്ഷകനെ റെഗുലറൈസ് ചെയ്യുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുവാൻ ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതെന്ന് കാണുന്നു. ലാൻഡ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ട് പ്രകാരം, ഈ കേസിൽ, സ്വീപ്പിംഗ് ഏരിയ 100 ച.മീറ്ററിൽ അധികരിച്ചിരിക്കുന്നത് 20.11.2021 തീയതിയിൽ ആണെന്ന് കാണുന്നു.

OP(KAT).26/2019, OP(KAT).118/2020, OP(KAT).179/2020, നമ്പർ കേസുകളിലെ യഥാക്രമം 18.01.2019, 07.01.2021 , 22.01.2021 തീയതികളിലെ ബഹു.ഹൈക്കോടതിയുടെ വിധികളിൽ സ്വീപ്പിങ് ഏര്യ 100 ച. മീ. അധികരിച്ച തീയതി പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവത്കരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതായി കാണുന്നു. ഈ കേസിലെ അപേക്ഷകന്റെ

ആവശ്യവും സ്വീപ്പിങ് ഏര്യ 100 ച. മീ. അധികരിച്ച 20.11.2021 തീയതി പ്രാബല്യത്തിൽ ടിയാനെ റെഗുലറൈസ് ചെയ്യണമെന്നാണ്. ആയതിനായി സമർപ്പിച്ചിട്ടുള്ള പ്രപ്പോസലിൽ തീരുമാനമെടുക്കുന്നതിനാണ് ബഹു.ട്രിബ്യൂണൽ ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നതും. മേൽ സാഹചര്യത്തിൽ, ബഹു.ഹൈക്കോടതിയുടെ മേൽ വിധിന്യായങ്ങളുടെ അടിസ്ഥാനത്തിൽ ,സ്വീപ്പിംഗ് ഏര്യ 100 ച.മീറ്ററിൽ അധികരിച്ച തീയതി പ്രാബല്യത്തിൽ അപേക്ഷകനെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവത്ക്കരിക്കുന്നതാണ് ഉചിതമെന്ന വിവരം ഭരണവകുപ്പിനെ അറിയിക്കാവുന്നതാണ്.

5. In similar cases, the post of Part-Time Sweeper has been created from the date when the sweeping area exceeds 100 square meters and the benefits from the said date have been granted to those persons who have been regularized in the post of Part Time Sweeper. Sri. P. C. Babu, Casual Sweeper at Kayakkodi Village Office, also deserves such consideration. Therefore, taking into account of the opinion of the Law Department, a post of Part-Time Sweeper may be created in the Kayakkodi Village office with effect from 20/11/2021, when the sweeping area of the said Office exceeds 100 square meters and the service of the existing Casual Sweeper, Sri. P. C. Babu be regularised in the said post.

6. When circulated, the Hon'ble Chief Minister has ordered to place the matter before the Council of Ministers for consideration.

## Point for decision

Whether the service of Sri. P.C. Babu, Casual Sweeper at Kayakkodi Village Office in Kozhikode District, may be regularised retrospectively with effect from 20.11.2021, the date on which the sweeping area of the said office exceeded 100 sq.m. by creating a post of Part time Sweeper in the said office and the consequential benefits if any, be granted to him in accordance with the Order of the Hon'ble Kerala Administrative Tribunal dated 23.05.2024 in OA(EKM) 509/2024, by overruling the remarks of Finance Department that it is sufficient to regularise the service of the applicant with effect from the date of the order only?